**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988** **14-10-2024 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരളയുടെ ഓഫീസ് ചെലവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരള ഓഫീസിന്റെ വാടക എത്രയാണ്; വാടക ഇനത്തിൽ ഇതുവരെ എത്ര തുക നൽകി; | (എ) | റീബിൽഡ് കേരള ഓഫീസിന്റെ നിലവിലെ വാടക, മെയിന്റനനസ് ചാർജ്, ജി.എസ്.ടി എന്നിവയുൾപ്പെടെ ആകെ 2,32,638 രൂപയാണ്.<br><br>2019 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ 1,32,84,773 രൂപ ഈയിനത്തിൽ ചിലവായിട്ടുണ്ട് |
| (ബി) | റീബിൽഡ് കേരളയുടെ ഓഫീസ് ഫർണിഷിംഗിനും മറ്റുമായി എത്ര തുക ചെലവഴിച്ചു; | (ബി) | പ്രസ്തുത കെട്ടിടത്തിൽ ഓഫീസ് സൗകര്യം ഒരുക്കുന്നതിനായി 43,29,997 രൂപ(ജി.എസ്.ടി., സെന്റേജ് ചാർജുകൾ ഒഴികെ) ചെലവായിട്ടുണ്ട് . |
| (സി) | റീബിൽഡ് കേരളയിൽ എത്ര സ്റ്റാഫുകൾ ഉണ്ടെന്ന് വിശദമാക്കാമോ; റീബിൽഡ് കേരളയുടെ ഓഫീസ്, ഓഫീസിന്റെ ഭരണപരമായ ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്ക് നാളിതുവരെ എത്ര തുക ചെലവായെന്ന് വ്യക്തമാക്കുമോ? | (സി) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ ഒരു അഡിഷണൽ സെക്രട്ടറിയും ഒരു സെക്ഷൻ ഓഫീസറും മൂന്ന് അസ്സിസ്റ്റൻസ്റ്റ്മാരും ഒരു ഓഫീസ് അറ്റൻഡന്റും ചേർന്നതാണ് നിലവിൽ റീബിൽഡ് കേരള ഓഫീസിന്റെ ഘടന.<br><br>ഇതു കൂടാതെ, പ്രോജക്റ്റ് മാനേജ്മെന്റ് സേവനങ്ങൾക്കായി ജലവിഭവം, നഗരവികസനം, ഇൻഫർമേഷൻ ടെക്നോളജി, കൃഷി, സാമൂഹിക സേവനം, സാമ്പത്തികം, ഗതാഗതം, പരിസ്ഥിതി മുതലായ മേഖലകളിൽ നിന്നുമുള്ള 12 അംഗ കൺസൾട്ടൻറ് ടീമും റീബിൽഡ് കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്നു.<br><br>2018-19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭരണപരമായ ചെലവുകൾ , മറ്റു ചെലവുകൾ എന്നിവയ്ക്ക് ആകെ 13,65,25,154 രൂപ ചിലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ